5. ആശുപത്രികൾ, ഡിസ്പെൻസറികൾ ഇവയുടെ സേവനം	2
6. ഇൻഷ്വറൻസ് സേവനം	710
7. സുനാമി കേസ്സ്	1

(ബഹു. കേരള ഹൈക്കോടതിയുടെ 15-10-2008-ലെ ഡബ്ല്യു.പി.(സി) നം. 33857/05 ഉത്തരവ് പ്രകാരം)

ആകെ 775

(ഡി) പി.എൽ.എ.യിലേക്ക് പരാതികൾ നേരിട്ടും തപാൽ മുഖേനയും സമർപ്പിക്കാം.

(ഇ) എറണാകുളത്ത് പെർമനന്റ് ലോക് അദാലത്ത് സ്ഥാപിക്കുന്നതിന് 18-2-2010-ലെ ജി.ഒ.(പി) നം.1/2010/നിയമം പ്രകാരം അനുമതി നൽകുകയുണ്ടായി. കോഴിക്കോട് പെർമനന്റ് ലോക് അദാലത്ത് സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

നിയമങ്ങൾ ക്രോഡീകരിക്കാൻ നടപടി

208 (5098) ശ്രീ. പി. കൃഷ്ണപ്രസാദ്: താഴെ കാണുന്ന ചോദ്യത്തിന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാസ്സാക്കിയ നിയമങ്ങളും അവയുടെ ചട്ടങ്ങളും അനുബന്ധങ്ങളും ക്രോഡീകരിച്ച് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാസ്സാക്കിയ ആക്റ്റുകളും പുറപ്പെടുവിച്ച ഓർഡിനൻസുകളും അതാത് നിയമ (ലെജിസ്ലേഷൻ) വകുപ്പുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്നതിന് പുറമെ നിയമ (ലെജി. പബ്ലിക്കേഷൻ) വകുപ്പിൽനിന്ന് ഓരോ വർഷവും പുറപ്പെടുവിക്കുന്ന ആക്ടുകളും ഓർഡിനൻസുകളും ഉൾപ്പെടുത്തി 'Acts and Ordinance of Kerala എന്ന പേരിലും പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. ആക്റ്റും ഓർഡിനൻസുകളും പ്രകാരം പുറപ്പെടുവിക്കുന്ന ചട്ടങ്ങളും മറ്റ് അനുബന്ധങ്ങളും അതാത് ഭരണ വകുപ്പാണ് പുറപ്പെടുവിക്കുന്നത്. പ്രസ്തുത ചട്ടങ്ങളും അനുബന്ധങ്ങളും ക്രോഡീകരിച്ച് പുറപ്പെടുവിക്കുന്നതും

LIBRARY ARCHIVES Kerala Legislative Assembly

അതാത് ഭരണവകുപ്പുകൾ തന്നെയാണ്. മുകളിൽ പറഞ്ഞതിന് പുറമെ കേരള നിയമസഭ പാസ്സാക്കുന്ന ആക്റ്റുകൾ, അതിൽ കാലാകാലങ്ങളിൽ കൊണ്ടുവരുന്ന ഭേദഗതി ആക്റ്റുകൾക്കനുസൃതമായി മാറ്റങ്ങൾ വരുത്തി കേരള കോഡ് എന്നപേരിലും നിയമ (ലെജി.പബ്ലിക്കേഷൻ) വകുപ്പിൽ നിന്ന് പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. കേരള കോഡ് പുതുതായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ നടന്നുവരുന്നുണ്ട്. കൂടാതെ നിയമവകുപ്പിന്റെ www.keralalawsect.org എന്ന web portal-ലും ലഭ്യമാണ്.

രാജ്യത്തെ നിയമങ്ങൾ മാതൃഭാഷയിലേക്ക് പരിഭാഷപ്പെടുത്തൽ

209 (5099) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. എൻ. ശക്തൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ നിയമങ്ങൾ മാതൃഭാഷയിലേക്ക് പരിഭാഷപ്പെടുത്തുന്നതിനായി കേരള ഔദ്യോഗിക ഭാഷ (നിയമനിർമ്മാണ കമ്മീഷൻ) ഈ വർഷം എന്തൊക്കെ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത് ;

(ബി) എല്ലാ കേന്ദ്ര ആക്ടുകളും മലയാള ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ ; ഇത് എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കുമോ ;

(സി) രാജ്യത്തെ പ്രധാന ക്രിമിനൽ ആക്ടുകൾ ഈ വർഷംതന്നെ മാതൃഭാഷയിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ വർഷം ഏതൊക്കെ ക്രിമിനൽ ആക്ടുകൾ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കും എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കേരള ഔദ്യോഗിക ഭാഷാ നിയമനിർമ്മാണ കമ്മീഷൻ ഈ വർഷം നടത്തിവരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക ഭാഷാ വിഭാഗത്തിൽ നിന്നും ലഭിക്കുന്ന മുൻഗണനാ പട്ടികപ്രകാരം കേന്ദ്ര ആക്റ്റുകൾ മലയാള ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിവരുന്നു.

(സി) രാജ്യത്തെ പ്രധാന ക്രിമിനൽ ആക്റ്റുകൾ മലയാള ഭാഷയിലേയ്ക്ക് പരിഭാഷപ്പെടുത്തി പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും അവയുടെ സ്റ്റോക്ക് തീർന്നതിനാൽ നാളിതുവരെയുള്ള ഭേദഗതികൾ ഉൾപ്പെടുത്തി പുനഃപ്രസിദ്ധീകരണത്തിന് നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly